ലോക്കപ്പ് മർദ്ദനം നടത്തിയവർക്കെതിരെ നടപടി

22 (298) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് മർദ്ദനവും മൂന്നാംമുറയും നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിരോധിച്ചിട്ടുണ്ടെങ്കിൽ കേസിൽ പ്രതി ചേർക്കപ്പെട്ടവരെ ഇപ്പോഴും ക്രൂരമായി ലോക്കപ്പിൽ മർദ്ദിക്കുകയും മറ്റ് മൂന്നാംമുറകൾ പ്രയോഗിക്കുകയും ചെയ്യുന്നതായ പരാതികളും റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) നാദാപുരം പോലീസ് ഡിസംബർ ആദ്യവാരം കസ്റ്റഡിയിലെടുത്ത മുഹമ്മദലി, മുനീർ എന്നീ ചെറുപ്പക്കാരെ ക്രൂരമായി മർദ്ദിച്ച് പരിക്കേല്പിച്ച് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലോക്കപ്പ് മർദ്ദനം നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് മർദ്ദനവും മൂന്നാംമുറയും നിരോധിച്ചിട്ടുണ്ട്.

(ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ലഭിച്ച പരാതികളിൻമേൽ അന്വേഷണം നടത്തി മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 582/2010 U/s 143, 147, 148, 341, 308, 153 (A), 364, 307 r/w 149 IPC കേസ്സിലെ പ്രതികളായ ചുണ്ടയിൽ മുഹമ്മദലി, കണ്ടോത്ത് താഴക്കുനി മുനീർ എന്നിവർ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ വടക്കേ പൊയിലൂർ എന്ന സ്ഥലത്ത് വയലിൽ മുസ്സ എന്നയാളുടെ വീട്ടിൽ ഒളിവിൽ കഴിയുന്നുണ്ടെന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നാദാപുരം എസ്.ഐ.-യും പാർട്ടിയും കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അഡീഷണൽ എസ്ഐ.-യുടെ സഹായത്തോടെ 3-12-2010-ാം തീയതി രാത്രി 12.30 മണിക്ക് sI വീട്ടിൽ എത്തി വാതിൽ തുറക്കാൻ ആവശ്യപ്പെട്ടപ്പോൾ വീട്ടുകാർ വാതിൽ തുറക്കാൻ വിസമ്മതിക്കുകയും പിറ്റേന്ന് കാലത്ത് വീട്ടുകാർ വാതിൽ തുറന്ന ഉടനെ മേൽപ്പറഞ്ഞ പ്രതികൾ വീട്ടിനുള്ളിൽ നിന്നും പുറത്തേയ്ക്ക് ഓടിപ്പോൾ അവിടെ കാത്ത് നിന്നിരുന്ന പോലീസ് പാർട്ടി sിയാൻമാരെ പിൻതുടർന്ന് തടഞ്ഞുനിർത്തി അറസ്റ്റ് ചെയ്യാൻ ശ്രമിച്ചപ്പോൾ അറസ്റ്റിൽ നിന്ന് ഒഴിഞ്ഞ് മാറാൻ ശ്രമിക്കുകയും ആയതിനെതുടർന്ന് പോലീസ് പാർട്ടി മതിയായ ബലം പ്രയോഗിച്ച് sിയാൻമാരെ നിയമാനുസരണം അറസ്റ്റ് ചെയ്ത് (4-12-2010-ാം തീയതി കാലത്ത് 6.30 മണിക്ക്) തിരികെ നാദാപുരം പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന സമയം പ്രതികൾ രണ്ട് പേരും ദേഹാസ്വാസ്ഥ്യം പ്രകടിപ്പിച്ച് വൈദ്യസഹായം ആവശ്യപ്പെട്ടതിൽ അവരെ വടകര ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടറെ കാണിച്ചശേഷം കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തത് പ്രകാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പോലീസ് സെല്ലിൽ റിമാന്റ് ചെയ്ത് ചികിത്സയിൽ കഴിഞ്ഞ് വരുന്നതും തുടർന്ന് വടകര സബ്ജയിലിൽ റിമാന്റിൽ പാർപ്പിച്ച് വരുന്നതുമാണ്. ഈ സംഭവത്തിൽ ലോക്കപ്പ് മർദ്ദനം നടന്നതായി പ്രതികൾ കോടതി മുൻപാകെ പരാതിപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly